# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 18.08.2024

## പ്രധാന വാർത്തകൾ

TIME : 12.50 PM

1. ഇന്ത്യൻ തീരസംരക്ഷണ സേനയുടെ അത്യാധുനിക സമുദ്രസുരക്ഷാ ഏകോപന കേന്ദ്രം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ചെന്നൈയിൽ ഉദ്ഘാടനം ചെയ്യും.

   **Defence Minister Rajnath Singh to inaugurate new state-of-the-art Maritime Rescue Coordination Centre of Indian Coast Guard in Chennai today.**

2. ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ കുവൈറ്റിലെത്തി.

   **External Affairs Minister S Jaishankar arrives in Kuwait on an official visit.**

3. കൊൽക്കത്തയിലെ യുവ വനിതാ ഡോക്ടറുടെ കൊലപാതകവുമായി ബന്ധപ്പെട്ട സി ബി ഐ അന്വേഷണം പുരോഗമിക്കുന്നു.

   **The CBI investigation progressing in the murder of a young woman doctor in Kolkata.**

4. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുന്നതിന് സമിതി രൂപീകരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനം.

   **Union Government to form Committee for ensuring safety of Healthcare Professionals.**

5. കേരളം, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരളത്തിൽ വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രത.

**IMD forecast isolated heavy to very heavy rainfall over Kerala, Tamil Nadu and Lakshadweep during the next two days, Yellow alert in various districts of Kerala.**

&&&&&&&&&&&&&&&&

## HEADLINE – 1
## RAJNATH VISIT

ഇന്ത്യൻ തീരസംരക്ഷണ സേനയുടെ അത്യാധുനിക സമുദ്രസുരക്ഷാ ഏകോപന കേന്ദ്രം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ചെന്നൈയിൽ ഉദ്ഘാടനം ചെയ്യും. ഇതിനുപുറമെ ചെന്നൈയിൽ സമുദ്ര മലിനീകരണ നിയന്ത്രണ കേന്ദ്രം, പുതുച്ചേരിയിൽ തീരസംരക്ഷണ സേനയുടെ വ്യോമ നിരീക്ഷണ സംവിധാനം എന്നിവയുടെയും ഉദ്ഘാടനം ശ്രീ രാജ്നാഥ് സിംഗ് നിർവഹിക്കും. തീരദേശ മേഖലയിലെ ജലത്തിൽ കാണപ്പെടുന്ന രാസമാലിന്യത്തെ ഫലപ്രദമായി നേരിടുക എന്ന ലക്ഷ്യത്തോടെയാണ് മലിനീകരണ നിയന്ത്രണ കേന്ദ്രം സ്ഥാപിക്കുന്നത്. സമുദ്രസുരക്ഷ ശക്തമാക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ദ്രുതഗതിയിൽ പ്രതികരിക്കാനും കഴിയുന്ന സാങ്കേതിക വിദ്യയിലൂന്നിയാകും കേന്ദ്രങ്ങളുടെ പ്രവർത്തനം.

&&&&&&&&&&&&&&&&

## HEADLINE – 2
## JAISHANKAR KUWAIT

ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ കുവൈറ്റിലെത്തി. കുവൈറ്റ് വിദേശകാര്യ മന്ത്രി അബ്ദുള്ള അലി അൽ യാഹ്യയുടെ

നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. കുവൈറ്റ് ഭരണകൂടത്തിലെ പ്രമുഖരുമായി ശ്രീ ജയ്ശങ്കർ ചർച്ച നടത്തും. രാഷ്ട്രീയ, വ്യാപാര, നിക്ഷേപ, ഊർജ്ജ, സാംസ്കാരിക വിഷയങ്ങൾ ചർച്ചയാകും. മധ്യേഷ്യയിലെയും ദക്ഷിണേഷ്യയിലെയും വിഷയങ്ങളിലും ആശയവിനിമയം നടക്കും.

&&&&&&&&&&&&&&&&

## HEADLINE – 4
## CENTRE - HEALTHCARE WORKERS SAFETY

ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ സമിതി രൂപീകരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. FORDA, IMA ഉൾപ്പെടെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ അഭ്യർത്ഥന പരിഗണിച്ചാണ് തീരുമാനം. വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരുകൾക്കും നിർദേശങ്ങൾ സമർപ്പിക്കാം. ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങളിൽ 6 മണിക്കൂറിനകം പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് രാജ്യത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കും കഴിഞ്ഞ ദിവസം കേന്ദ്രം നിർദേശം നൽകിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 3
## CBI - PROBE

രാജ്യവ്യാപകമായി പ്രതിഷേധത്തിന് കാരണമായ, കൊൽക്കത്തയിലെ യുവ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ കുറ്റാരോപിതൻ സഞ്ജയ് റോയിയുടെ മാനസിക നില സംബന്ധിച്ച് സിബിഐ ഇന്ന്

വിലയിരുത്തൽ നടത്തും. ഡൽഹിയിലെ സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്നുള്ള വിദഗ്ധ സംഘം ആവശ്യമായ പരിശോധനകൾ നടത്താൻ കൊൽക്കത്തയിൽ എത്തിയതായി അധികൃതർ അറിയിച്ചു. റോയിയെ സിബിഐ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അതേസമയം, ആർജി കാർ മെഡിക്കൽ കോളജ് ആശുപത്രി മുൻ പ്രിൻസിപ്പൽ ഡോ.സന്ദീപ് ഘോഷിനെ തുടർച്ചയായ രണ്ടാം ദിവസവും സിബിഐ മണിക്കൂറുകളോളം ചോദ്യം ചെയ്തു.

&&&&&&&&&&&&&&&&

## KOKLATA-BNSS

കൊൽക്കത്തയിൽ യുവ വനിതാ ഡോക്ടർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ടുള്ള സംഘർഷ സാധ്യത കണക്കിലെടുത്ത് പ്രദേശത്ത് ആളുകൾ അനധികൃതമായി ഒത്തുകൂടുന്നത് തടയാൻ പോലീസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 2023 ലെ ഭാരതീയ നാഗരിക് സുരക്ഷാ സൻഹിതയുടെ സെക്ഷൻ 163, ആർജി കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് ചുറ്റും ഇന്ന് മുതൽ ഏഴ് ദിവസത്തേക്ക് ഏർപ്പെടുത്തി. മെഡിക്കൽ കോളേജിൽ ഈ മാസം 14-ന് രാത്രി നടന്ന അക്രമവുമായി ബന്ധപ്പെട്ട് സ്റ്റുഡൻ്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ രണ്ട് നേതാക്കളെ ബെഹാല പ്രദേശത്ത് നിന്ന് പോലീസ് പിടികൂടി.

&&&&&&&&&&&&&&&&

## NEPAL FM-INDIA VISIT

നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദൂബ 5 ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുടെ

ക്ഷണപ്രകാരമാണ് സന്ദർശനം. അയൽപക്കം ആദ്യം എന്ന ഇന്ത്യൻ നയത്തിൽ നേപ്പാളിന് സുപ്രധാന സ്ഥാനമാണുള്ളതെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ നേപ്പാൾ വിദേശകാര്യ മന്ത്രിയുടെ സന്ദർശനം ഉപകരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. പരസ്പര താത്പര്യമുള്ള വിഷയങ്ങൾ ചർച്ചയാകുമെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്താനും സന്ദർശനം പ്രയോജനപ്പെടുമെന്നും നേപ്പാൾ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## CCPA-FINE

2022 ലെ UPSC പരീക്ഷാ ഫലം സംബന്ധിച്ച് തെറ്റായ പരസ്യം നൽകിയതിന് ശ്രീറാം പരിശീലന കേന്ദ്രത്തിന് 3 ലക്ഷം രൂപ പിഴ ചുമത്തി കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി. ഉപഭോക്തക്കളുടെ അവകാശം സംരക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിയാണ് നടപടിയെന്ന് കേന്ദ്ര ഉപഭോക്തൃ കാര്യ ഭക്ഷ്യ - പൊതു വിതരണ മന്ത്രാലയം അറിയിച്ചു. 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം ശ്രീറാം പരിശീലന കേന്ദ്രം നൽകിയ പരസ്യം തെറ്റ്ദ്ധരിപ്പിക്കുന്നതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് കമ്മീഷണർ നിധി ഖരെ, കമ്മീഷണർ അനുപം മിശ്ര എന്നിവർ പരസ്യം നൽകുന്നത് ഉടൻ തന്നെ നിർത്തിവെയ്ക്കാൻ ഉത്തരവിട്ടിരുന്നു. പരസ്യത്തിലെ വിവരം അനുസരിച്ച് 200 ലധികം പേർക്ക് ഈ കേന്ദ്രത്തിൽ നിന്ന് പരിശീലനം നേടിയതിലൂടെ സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയിക്കാനായെന്നും എന്നാൽ യഥാർത്ഥത്തിൽ 171

ഉദ്യോഗാർത്ഥികൾ മാത്രമാണെ യോഗ്യത നേടിയതെന്ന് CCPA കണ്ടെത്തിയിരുന്നു.

&&&&&&&&&&&&&&&&

## SURESH GOPI

മുല്ലപെരിയാർ അണക്കെട്ടിൻറെ സുരക്ഷ സംബന്ധിച്ച് ശാസ്ത്രീയ വശങ്ങൾ കണ്ടെത്തുവാൻ ഐഎസ്ആർഒ പോലുള്ള സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി. ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം VSSC യിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുല്ലപ്പെരിയാർ അണക്കെട്ട് ഒരു ഭീതിയായി നിലനിൽക്കുകയാണെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 5
## IMD-WEATHER

അടുത്ത രണ്ട് ദിവസങ്ങളിൽ കേരളം, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ ദിവസങ്ങളിൽ കിഴക്കൻ സംസ്ഥാനങ്ങളിലും ശക്തമായ മഴ ഉണ്ടാകുമെന്നുമാണ് കാലാവസ്ഥാ പ്രവചനം. തെക്കൻ ബംഗ്ലാദേശിന് മുകളിലുള്ള ന്യൂനമർദ്ദം നാളെയോടെ വടക്ക്-വടക്കുപടിഞ്ഞാറ് ദിശയിലേക്ക് നീങ്ങുകയും ബംഗ്ലാദേശിനും അതിനോട് ചേർന്നുള്ള ഗംഗാതീര പശ്ചിമ ബംഗാളും ന്യൂ നമർദ്ദ മേഖലയായി മാറുന്നൻറെ ഫലമായാണ് മഴ ശക്തി പ്രാപിക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 5 (a)
## RAIN-KERALA

കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

&&&&&&&&&&&&&&&&

## SABARIMALA

ശബരിമലയിൽ ഭസ്മകുളം മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാന നിർണയം നടന്നു. വാസ്തുശാസ്ത്ര വിജ്ഞാന കേന്ദ്രം അദ്ധ്യക്ഷൻ കെ. മുരളീധരനാണ് സ്ഥാനനിർണയം നടത്തിയത്. മകരജ്യോതി, ശബരി ഗസ്റ്റ് ഹൗസുകൾക്ക് സമീപമാണ് പുതിയ ഭസ്മക്കുളം നിർമ്മിക്കുക. നിലവിലെ ഭസ്മകുളത്തിന്റെ വൃത്തി സംബന്ധിച്ചുള്ള വിമർശനങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് ഭസ്മക്കുളം മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചത്.

&&&&&&&&&&&&&&&&

## DRIVING SCHOOL

മോട്ടോർ സൈക്കിൾ ഒഴികെയുള്ള ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് കേരള സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി ഏകീകൃത കളർ കോഡ് നടപ്പിലാക്കാൻ തീരുമാനിച്ചു. ആംബർ മഞ്ഞ നിറമാണ് തീരുമാനിച്ചിരിക്കുന്നത്. ഡ്രൈവിംഗ് പരിശീലനം നടത്തുന്ന വാഹനങ്ങൾ തിരക്കേറിയ നിരത്തിൽ വേഗത്തിൽ തിരിച്ചറിയാനും, പ്രത്യേക പരിഗണന ലഭിക്കാനും

ഈ നിറം സഹായിക്കും. ഈ വർഷം ഒക്ടോബർ ഒന്നാം തീയ്യതി മുതൽ തീരുമാനം നടപ്പിലാക്കാനാണ് നിർദ്ദേശം.

&&&&&&&&&&&&&&&&

## NORKA -WOMEN CELL

കേരളീയരായ പ്രവാസി വനിതകളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എൻ.ആർ.കെ വനിതാ സെല്ലിൽ ബന്ധപ്പെടാമെന്ന് നോർക്ക റൂട്ട്സ് അറിയിച്ചു. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കോ അവരുടെ പ്രതിനിധികൾക്കോ ഹെൽപ്പ്ലൈനുമായി 24 മണിക്കൂറും ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 18 00 42 53 939 എന്ന നമ്പരിലും വിദേശത്തു നിന്നും +91-88 02 01 23 45 എന്ന ടോൾ ഫ്രീ നമ്പരിലും വിവരങ്ങൾ അറിയിക്കാം. womencell.norka@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും പരാതികൾ അറിയിക്കാം. വിസ, പാസ്പോർട്ട് സംബന്ധമായ പ്രശ്നങ്ങൾ, നാട്ടിലേക്ക് മടങ്ങൽ, തൊഴിൽ കരാർലംഘനങ്ങൾ, വേതനം സംബന്ധിച്ച തർക്കങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് സെൽ രൂപീകരിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&

## TENNIS-SEMI FINALS

അമേരിക്കയിൽ നടക്കുന്ന സിൻസിനാറ്റി ഓപ്പൺ ടെന്നീസ് ടൂർണമെന്റിന്റെ സെമി ഫൈനലിൽ ഇന്ന് വനിതകളുടെയും പുരുഷൻമാരുടെയും ലോക ഒന്നാം നമ്പർ താരങ്ങളായ ഇഗ സ്വിയടെക്കും ജാനിക് സിന്നറും മത്സരിക്കും. പോളിഷ് താരം സ്വിറ്റെക്ക്, ബെലാറസ് താരം അരിന സബലെങ്കയെ നേരിടുമ്പോൾ ഇറ്റലിയിൽ നിന്നുള്ള

സിന്നർ, ജർമ്മനിയിൽ നിന്നുള്ള അലക്സാണ്ടർ സ്വെരേവിനെ നേരിടും.

&&&&&&&&&&&&&&&&

## BADMINTON - JUNIOR CHAMPIONSHIPS

ഈ വർഷത്തെ ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് മറ്റന്നാൾ ആരംഭിക്കും. ചൈനയിലെ ചെങ്ഡുവിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ അണ്ടർ-15, അണ്ടർ-17 വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുക. ഇന്ത്യയിൽ നിന്നുള്ള 39 കായിക താരങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. ചെങ്ഡുവിൽ നടന്ന ചാമ്പ്യൻഷിപ്പിന്റെ അവസാന പതിപ്പിൽ ഇന്ത്യ ഒരു സ്വർണവും ഒരു വെള്ളിയും ഒരു വെങ്കലവും നേടിയിരുന്നു. 2025 ലെ ചമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.

&&&&&&&&&&&&&&&&

## US-ISRAEL

യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കെൻ ഇന്ന് ഇസ്രായേലിലെ ടെൽ അവീവ് സന്ദർശിക്കും. ഗസയിൽ വെടിനിർത്തൽ കരാർ സംബന്ധിച്ച വാഷിംഗ്ടണിൻ്റെ നയതന്ത്ര നീക്കത്തിൻ്റെ ഭാഗമായാണ് സന്ദർശനം. കഴിഞ്ഞ വർഷം ഒക്ടോബറിൽ തെക്കൻ ഇസ്രായേലിൽ ഹമാസ് ഭീകരർ ആക്രമണം നടത്തിയതിന് ശേഷം പശ്ചിമേഷ്യയിലേക്കുള്ള അദ്ദേഹത്തിൻ്റെ ഒമ്പതാമത്തെ സന്ദർശനമാണ് ഇത്. രണ്ടു ദിവസം മുൻപ് ദോഹയിൽ വച്ചും ഇസ്രയേലും ഹമാസും തമ്മിൽ സമാധാന ചർച്ചകൾ നടന്നിരുന്നു. നിലവിൽ കെയ്റോയിൽ നടക്കുന്ന ചർച്ചയിൽ അമേരിക്കൻ ഉന്നത നയതന്ത്ര പ്രതിനിധി മേൽനോട്ടം വഹിക്കും.

&&&&&&&&&&&&&&&&

## UN - SUDAN BORDER

പടിഞ്ഞാറൻ സുഡാനിൽ സംഘർഷം നടക്കുന്ന ഡാർഫർ മേഖലയിലേക്ക് മദ്ധ്യ ആഫ്രിക്കയിലെ രാജ്യമായ ഛാഡിലൂടെ സഹായം എത്തിക്കുന്നതിന് അതിർത്തികൾ തുറന്ന് നൽകാനുള്ള സുഡാന്റെ നടപടിയെ സ്വാഗതം ചെയ്ത് ഐക്യരാഷ്ട്ര സംഘടന.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&